<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5597</u> <u>08-07-2024 - ൽ മറുപടിയ്ക്ക്</u>

<u>ഡിജിറ്റൽ സയൻസ് പാർക്ക്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2022-ലെ ബജറ്റിൽ പ്രഖ്യാപിച്ച ഡിജിറ്റൽ സയൻസ് പാർക്കിന്റെ പൂർത്തീകരണം ഏത് ഘട്ടത്തിലാണെന്നും അത് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (എ) | കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ & ടെക്നോളജിയുടെ (കേരള ഡിജിറ്റൽ സർവകലാശാല) കീഴിൽ 1515 കോടി രൂപ ചെലവിൽ ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. കിഫ്ബിയിൽ നിന്നുള്ള ധനസഹായം 200 കോടി (ഇരുനൂറ് കോടി രൂപ മാത്രം) രൂപയായി പരിമിതപ്പെടുത്തി, ശേഷിക്കുന്ന ഫണ്ട് വ്യവസായ പങ്കാളികൾ ഉൾപ്പെടെയുള്ള മറ്റ് സ്രോതസ്സുകളിൽ നിന്ന് കണ്ടെത്തണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ് അനുമതി നൽകിയത്.<br><br>ടെക്നോപാർക്ക് ഫെയ്സ് 4-ലെ കബനി ബിൽഡിംഗിൽ വാടകയ്ക്ക് എടുത്ത 10000 ചതുരശ്ര അടി സ്പേസിൽ ഡിജിറ്റൽ സയൻസ് പാർക്കിൻറെ പ്രവർത്തനം 01.08.2023 ന് ആരംഭിച്ചു. നിലവിൽ ഏഴ് കമ്പനികൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.<br><br>കിഫ്ബിയിൽ നിന്നുള്ള ധനസഹായം ലഭ്യമായാലുടൻ കെട്ടിടനിർമ്മാണം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. 2026-ൽ ഡിജിറ്റൽ സയൻസ് പാർക്കിൻറെ നിർമ്മാണം പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ